| 07–02–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ – ഈ സമയം നിങ്ങൾക്ക് നിരാകാരി മതം ലഭിക്കുകയാണ്, ഗീതാശാസ്ത്രം നിരാകാരീ മതത്തിന്റെ ശാസ്ത്രമാണ്, സാകാരീ മതത്തിന്റേതല്ല, ഈ കാര്യം തെളിയിക്കൂ.

**ചോദ്യം:–** ഏതൊരു ഗഹനമായ കാര്യമാണ് ഫസ്റ്റ് ക്ലാസ് കുട്ടികൾക്ക് മാത്രം വളരെ യുക്തിയോടുകൂടി മനസ്സിലാക്കിക്കൊടുക്കാൻ കഴിയുന്നത്?

**ഉത്തരം:–** ഈ ബ്രഹ്മാവ് തന്നെയാണ് ശ്രീകൃഷ്ണനാകുന്നത്. ബ്രഹ്മാവിനെയാണ് പ്രജാപിതാവ് എന്ന് പറയുന്നത്, ശ്രീകൃഷ്ണനെയല്ല. നിരാകാരനായ ഭഗവാൻ ബ്രഹ്മാവിന്റെ മുഖത്തിൽകൂടി ബ്രാഹ്മണരെ രചിച്ചു. ശ്രീകൃഷ്ണൻ കൊച്ചുകുട്ടിയാണ്. ഗീതയുടെ ഭഗവാൻ നിരാകാരനായ പരമാത്മാവാണ്. ശ്രീകൃഷ്ണന്റെ ആത്മാവ് പുരുഷാർത്ഥം ചെയ്ത് ഈ പ്രാലബ്ധം നേടി. ഇത് വളരെ ഗുഹ്യമായ കാര്യമാണ് – ഇത് ഫസ്റ്റ് ക്ലാസ് കുട്ടികൾക്ക് തന്നെയാണ് യുക്തിയോടെ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കുന്നത്. 20 നഖങ്ങളുടെ മൂർച്ചയേകി ഈ കാര്യം സിദ്ധമാക്കൂ അപ്പോൾ സേവനത്തിൽ സഫലത ഉണ്ടാകും.

**ഗീതം:–** എൻ മനസ്സിൻ വാതിൽക്കൽ വന്നതാരോ...

**ഓം ശാന്തി**. ഈ കണ്ണുകൾക്ക് അറിയാൻ കഴിയാത്തതാണ് എന്ന് കുട്ടികൾ കേട്ടിട്ടുണ്ട്, ആരെ? ഭഗവാനെ. ഈ കണ്ണുകൾക്ക് ശ്രീകൃഷ്ണനെ അറിയാൻ കഴിയും. എന്നാൽ ഭഗവാനെ അറിയാൻ കഴിയില്ല. ആത്മാവിന് മാത്രമേ പരമാത്മാവിനെ അറിയാൻ കഴിയൂ. ആത്മാവ് അംഗീകരിക്കുന്നു നമ്മുടെ പരമപിതാവായ പരമാത്മാവ് നിരാകാരനാണ്. നിരാകാരൻ ആയതുകാരണം, ഈ കണ്ണുകളാൽ കാണാൻ കഴിയാത്തതുകാരണം അത്രയും ഓർമ്മ നിൽക്കില്ല. ഈ നിരാകാരിയായ അച്ഛൻ നിരാകാരിയായ മക്കളോട് (ആത്മാക്കളോട്) പറയുകയാണ്. നിങ്ങൾക്ക് നിരാകാരീ മതം ലഭിച്ചിരിക്കുകയാണ്. ഗീതാശാസ്ത്രവും നിരാകാരീ മതത്തിന്റേതാണ്. സാകാരീ മതത്തിന്റേതല്ല. ഗീത ധർമ്മ ശാസ്ത്രമല്ലേ. ഇസ്ലാമികൾക്കും മറ്റും ധർമ്മശാസ്ത്രങ്ങൾ ഉണ്ട്. ഇബ്രാഹിം ഉച്ചരിച്ചിട്ടുണ്ട്, ബുദ്ധനും, ക്രൈസ്റ്റും ഉച്ചരിച്ചിട്ടുണ്ട്. അവർക്കൊക്കെയും ചിത്രങ്ങളും ഉണ്ട്. ഗീത എന്നത് സർവ്വ ശാസ്ത്രങ്ങളുടെയും ശിരോമണിയാണ്, അതിന് മനുഷ്യർ ശ്രീകൃഷ്ണന്റെ ചിത്രം കാണിച്ചിരിക്കുന്നു. എന്നാൽ ബാബ മനസ്സിലാക്കിതരുകയാണ് ഇത് തെറ്റാണ്. ഗീത ഉച്ചരിച്ചത് ഞാനാണ്, ഞാനാണ് രാജയോഗം പഠിപ്പിച്ചതും സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തതും. ഞാനാണ് നിരാകാരനായ പരംപിതാ പരമാത്മാവ് ഞാൻ നിങ്ങൾ സർവ്വ ആത്മാക്കളുടേയും അച്ഛനാണ് മനുഷ്യസൃഷ്ടിയുടേ ബീജരൂപനാണ്. എന്നെത്തന്നെയാണ് വൃക്ഷപതി എന്ന് വിളിക്കുന്നത്. ശ്രീകൃഷ്ണനെ വൃക്ഷപതി എന്ന് വിളിക്കില്ല. പരമപിതാവായ പരമാത്മാവ് തന്നെയാണ് മനുഷ്യ സൃഷ്ടിയുടെ ബീജരൂപൻ, സ്രഷ്ടാവ്. കൃഷ്ണനെ സ്രഷ്ടാവ് എന്ന് വിളിക്കില്ല. അദ്ദേഹം ദൈവീക ഗുണങ്ങളുള്ള മനുഷ്യനാണ്. കൃഷ്ണനെ ഭഗവാൻ എന്ന് വിളിക്കുന്നതിലൂടെ മനുഷ്യർ ആശയക്കുഴപ്പത്തിലാകുന്നു. ഭഗവാൻ ഒന്നേയുള്ളൂ. കൃഷ്ണനെ ആർക്കും സർവ്വരുടേയും പരമാത്മാവ് എന്ന് വിളിക്കാൻ കഴിയില്ല. ബാബ പറയുകയാണ് ഞാൻ അയ്യായിരം വർഷങ്ങൾക്ക് ശേഷം കല്പത്തിന്റെ സംഗമത്തിലാണ് വരുന്നത്. ഞാൻ മുഴുവൻ സൃഷ്ടികളുടേയും അച്ഛനാണ്, എന്നെത്തന്നെയാണ് ഗോഡ് ഫാദർ എന്ന് വിളിക്കുന്നത്. കൃഷ്ണന്റെ പേര് നൽകുന്നതിലൂടെ പരമപിതാവായ പരമാത്മാവിനെ അറിയാൻ കഴിയില്ല. ഇത് വളരെ വലിയ തെറ്റാണ് ചെയ്തിരിക്കുന്നത്. ഗീതയിൽക്കൂടി ആദി സനാതന ദേവീ–ദേവതാ ധർമ്മം സ്ഥാപിച്ചതും ഞാൻ തന്നെയാണ്. എന്നെ ശിവൻ അഥവാ രുദ്ര ഭഗവാൻ എന്ന് വിളിക്കുന്നു മറ്റൊരു സൂക്ഷ്മ ദേവതകളേയും അഥവാ മനുഷ്യരേയും ഭഗവാൻ എന്ന് വിളിക്കില്ല. ലക്ഷ്മീ–നാരായണന്മാരേയും ആരും പരമാത്മാവ് എന്നു വിളിക്കുന്നില്ല. പറയപ്പെടുന്നു പരമാത്മാവ് ഒന്നേയുള്ളൂ എന്ന്. ഭഗവാനുവാച എന്നതുണ്ടെങ്കിൽ തീർച്ചയായും ഭഗവാൻ വന്നിട്ടുണ്ടാകും കൂടാതെ വന്നിട്ട് രാജയോഗം പഠിപ്പിക്കുകയും ചെയ്യുന്നു. ബാബ പറയുന്നു കല്പം മുൻപും ഞാൻ നിങ്ങൾ കുട്ടികളോട് പറഞ്ഞിരുന്നതാണ്. കൃഷ്ണന് ഒരിക്കലും കുട്ടികളേ–കുട്ടികളേ എന്ന് വിളിക്കാൻ കഴിയില്ല. പരമപിതാവ് തന്നെയാണ് സർവ്വരേയും കുട്ടികളേ എന്ന് വിളിക്കുന്നത്. കല്പം മുൻപും ഞാൻ നിങ്ങൾ കുട്ടികളോട് പറഞ്ഞിരുന്നതാണ് എന്തെന്നാൽ ദേഹീ–അഭിമാനിയാകൂ, നിരാകാരനായ എന്നെ തന്റെ അച്ഛനെന്നും ഭഗവാനെന്നും മനസ്സിലാക്കൂ. സാകാരീ അച്ഛൻ പ്രജാപിതാവായ ബ്രഹ്മാവ് തന്നെയാണ് എന്തെന്നാൽ ബ്രഹ്മാവിൽക്കൂടി തന്നെയാണ് ഭഗവാൻ ബ്രാഹ്മണ–ബ്രാഹ്മണികളെ രചിക്കുന്നത്. ശ്രീകൃഷ്ണൻ പ്രജാപിതാവല്ല. ഭഗവാൻ പറയുകയാണ് ബ്രഹ്മാവിന്റെ മുഖത്തിൽകൂടി ബ്രാഹ്മണ–ബ്രാഹ്മണികളെ രചിക്കുന്നു. കൃഷ്ണന് അങ്ങനെ പറയാനും സാധിക്കില്ല. ബ്രഹ്മാവ് മുതിർന്നയാളാണ്, കൃഷ്ണൻ കൊച്ചുകുട്ടിയാണ്. ബ്രഹ്മാവ് തന്നെയാണ്

കൃഷ്ണനാകുന്നത് ഇതെത്ര ഗുഹ്യമായ കാര്യമാണ്. ഇത് മനസ്സിലാക്കികൊടുക്കാൻ വലിയ യുക്തി ആവശ്യമാണ്. ഫസ്റ്റ് ക്ലാസ് കുട്ടികൾക്കേ മനസ്സിലാക്കാൻ കഴിയൂ. ബാബ പറയുന്നു ഗീതയുടെ ഭഗവാൻ നിരാകാരനായ പരമാത്മാവാണ് എന്ന് മനസ്സിലാക്കുന്ന വളരെ നല്ല കുട്ടികളുണ്ട്. ആരാണോ ഗീത രചിച്ചത് ആ ആൾ തന്നെയാണ് കുട്ടികളെ രാജയോഗം പഠിപ്പിച്ചതും സ്വർഗ്ഗം രചിച്ചതും. തീർച്ചയായും ഉയർന്നതിലും ഉയർന്നവനായ ബാബ മാത്രമേ രാജയോഗം പഠിപ്പിക്കുകയുള്ളൂ. ശ്രീകൃഷ്ണൻ പ്രാലബ്ധം അനുഭവിക്കുന്നതേയുള്ളൂ. പ്രാലബ്ധം നൽകുന്നവൻ പരമപിതാവായ പരമാത്മാവാണ്. കൃഷ്ണൻ പരമാത്മാവിന്റെ കുട്ടിയാണ്. കൃഷ്ണന്റെ ആത്മാവ് പുരുഷാർത്ഥം ചെയ്ത് പ്രാലബ്ധം നേടി. പുരുഷാർത്ഥം ചെയ്യിക്കുന്നവനെ മാറ്റി, പുരുഷാർത്ഥം ചെയ്ത് പ്രാലബ്ധം നേടുന്നവന്റെ പേര് വെച്ച് ഗീതയെ ഖണ്ഡിച്ചിരിക്കുന്നു. ഒരു ഗീതയെ തെറ്റാക്കിയതിലൂടെ സർവ്വവും തെറ്റിയിരിക്കുന്നു, അപ്പോൾ പറയുന്നു കപടമായ മായ കപടമായ ശരീരം...

സേവനത്തെ വർദ്ധിപ്പിക്കുന്നതിനുവേണ്ടി കുട്ടികൾ മുഴുവൻ ശക്തിയും നൽകണം. ഗീത ആരാണ് ഉച്ചരിച്ചത്? ഗീതയിൽ കൂടി ഏതൊരു ധർമ്മം ആര് സ്ഥാപിച്ചു? ഈ കാര്യത്തിലൂടെ നിങ്ങൾക്ക് നല്ല രീതിയിൽ വിജയം നേടാൻ കഴിയും. പരമപിതാവായ പരമാത്മാവിൽകൂടി സ്വർഗ്ഗത്തിന്റെ അധികാരി ആകുകയാണ്, കൃഷ്ണനിൽ കൂടിയല്ല. അപ്പോൾ ഈ കാര്യത്തിൽ പരിശ്രമം വേണം. എല്ലാ ശാസ്ത്രങ്ങളും ഗീതയുടെ കുട്ടികളാണ്. അപ്പോൾ കുട്ടികളിലൂടെ ഒരിക്കലും സമ്പത്ത് കിട്ടില്ല. തീർച്ചയായും അച്ഛനാണ് സമ്പത്ത് നൽകുന്നത്. ഇളയച്ഛൻ, അമ്മാവൻ, ഗുരു എന്നിവരിൽ നിന്നൊന്നും സമ്പത്ത് ലഭിക്കില്ല. പരിധിയില്ലാത്ത അച്ഛനിൽ നിന്നുതന്നെയാണ് പരിധിയില്ലാത്ത സമ്പത്ത് കിട്ടുന്നത്. ഈ വാക്യങ്ങൾ വൃത്തിയായി എഴുതി വെക്കണം അതിലൂടെ മനസ്സിലാക്കാൻ കഴിയണം ഗീത ഖണ്ഡിക്കപ്പെട്ടിരിക്കുന്നു എന്ന്. ഗീതയെ അപകീർത്തിപ്പെടുത്തിയിരിക്കുന്നു, അതിനാൽ ഭാരതം ദരിദ്രമായി. കക്കക്ക് തുല്യമായി. ഇങ്ങനെ എഴുതൂ. ഭാരതത്തെ സ്വർഗ്ഗമാക്കുന്നവൻ ആരാണ്? സ്വർഗ്ഗം എവിടെയാണ്? കലിയുഗത്തിനുശേഷം സത്യയുഗം ഉണ്ടാവണമെങ്കിൽ അതിന്റെ സ്ഥാപന സംഗമത്തിൽ ഉണ്ടാകണം. ശിവ ഭഗവാനുവാച – ഞാൻ കല്പ–കല്പം സംഗമത്തിൽ പാവനമായ ലോകത്തെ നിർമ്മിക്കാൻ വരുന്നു. ശിവപരമാത്മാവാണ് സർവ്വരേയും ദുഃഖത്തിൽ നിന്ന് മുക്തമാക്കുന്നത്, ശ്രീ കൃഷ്ണനല്ല എന്നത് സിദ്ധമാക്കണം. ഗീതയുടെ ഭഗവാനെ ആരാണോ മനസ്സിലാക്കിയത് അവർ തന്നെയാണ് വന്ന് പുഷ്പങ്ങൾ അർപ്പിക്കുന്നത്. എല്ലാവരും അർപ്പിക്കില്ല, ആർക്കാണോ മനസ്സിലായത് അവർ പുഷ്പങ്ങളായ് ബലിയർപ്പിതമാകുന്നു. ബാബക്ക് ആരെങ്കിലും പുഷ്പം നൽകിയാൽ ബാബ പറയും എനിക്ക് ഇങ്ങനെയുള്ള പുഷ്പമാണ്(കുട്ടി) വേണ്ടത്. മുള്ളുകൾ എനിക്ക് ബലിയർപ്പിച്ചാൽ ഞാൻ അവരെ പുഷ്പങ്ങളാക്കും. ബബൂൽനാഥൻ എന്നും എനിക്ക് പേരുണ്ട്. മുൾച്ചെടിയിലെ മുള്ളുകളെ പുഷ്പങ്ങൾ ആക്കുന്നവനായ എന്നെത്തന്നെയാണ് വിളിക്കുന്നത്, ശ്രീകൃഷ്ണനാണെങ്കിൽ സ്വയം പൂവാണ്. അത് അല്ലാഹുവിന്റെ പൂന്തോട്ടമായിരുന്നു, ഇത് ചെകുത്താന്റെ കാടാണ്. ഇതിനെ വീണ്ടും ദേവതകളുടെ പൂന്തോട്ടമാക്കുന്നത് ബാബയാണ്. നിങ്ങൾ തന്നെയാണ് പുതിയ ലോകത്തിന്റെ അധികാരിയാകുന്നത്. ലക്ഷ്മീ–നാരായണന്മാരുടേത് രാജവംശം എന്നാണ് പറയപ്പെടുന്നത്. ബ്രാഹ്മണരുടെ വംശം എന്ന് പറയില്ല. ഇത് ബ്രാഹ്മണ കുലമാണ്. പരമപിതാവായ പരമാത്മാവ് ബ്രഹ്മാവിൽകൂടി പ്രജകളെ രചിച്ചിരിക്കുന്നു, അതിനാൽ ഇദ്ദേഹത്തെ പ്രജാപിതാവ് എന്ന് വിളിക്കുന്നു. ശിവബാബയേയോ ശ്രീകൃഷ്ണനേയോ പ്രജാപിതാവ് എന്ന് വിളിക്കില്ല. കൃഷ്ണനുമേൽ കളങ്കം ചാർത്തിയിരിക്കുന്നു എന്തെന്നാൽ 16108 റാണിമാർ ഉണ്ടായിരുന്നു എന്നാണ് പറയുന്നത്. എന്നാലിത് പ്രജാപിതാവായ ബ്രഹ്മാവ് ഇത്രയും കുട്ടികൾക്ക് ജന്മം നൽകിയതിന്റേതാണ്.

ജ്ഞാനത്തിന്റെ സാഗരൻ ഒരേയൊരു പരംപിതാ പരമാത്മാവ് തന്നെയാണ്. പാപത്തിന്റെ ശിക്ഷ നൽകുന്നത് ധർമ്മരാജനാണ്. പ്രസിഡന്റിനെ കൊണ്ടുപോലും ഏറ്റവും മുതിർന്ന ജഡ്ജി പ്രതിജ്ഞ എടുപ്പിക്കാറുണ്ട്. രാജാവിനെക്കൊണ്ട് ഒരിക്കലും പ്രതിജ്ഞ എടുപ്പിക്കില്ല എന്തുകൊണ്ടെന്നാൽ അദ്ദേഹത്തെ രാജാവാക്കുന്നത് ഭഗവാനാണ്. അത് അല്പകാലത്തേക്കാണ്. ഇവിടെയാണെങ്കിൽ ബാബ 21 ജന്മത്തേക്ക് രാജ്യഭാഗ്യം നൽകുന്നു. അവിടെ പ്രതിജ്ഞ എടുക്കുന്നതിന്റെ കാര്യമില്ല. ഈ മനുഷ്യ സൃഷ്ടിയുടെ രൂപം വൃക്ഷത്തിന്റേതാണ്, ഏതെങ്കിലും വനത്തിൽ നിൽക്കുന്ന മരം അല്ല. പരമപിതാവായ പരമാത്മാവിനെ തന്നെയാണ് വൃക്ഷപതി എന്ന് വിളിക്കുന്നത്. കൃഷ്ണന് ഈ വൃക്ഷത്തിന്റെ രഹസ്യം പറഞ്ഞുതരാൻ കഴിയില്ല, വൃക്ഷപതിക്കുമാത്രമേ മനസ്സിലാക്കി തരാൻ കഴിയൂ. നരനെ നാരായണനാക്കുന്നതും ബാബ തന്നെയാണ്, കൃഷ്ണനല്ല. പ്രധാനമായും 4 ധർമ്മ ശാസ്ത്രങ്ങളാണുള്ളത്, ബാക്കിയെല്ലാം വെറും കഥകളാണ്. ആദ്യമാദ്യമായി സ്ഥാപിക്കപ്പെട്ട ധർമ്മം ഏതാണ്? ആരാൽ സ്ഥാപിക്കപ്പെട്ടു? സ്വർഗ്ഗത്തിലുണ്ടായിരുന്നത് ദേവീദേവതാ ധർമ്മമാണ്, അത് തീർച്ചയായും ബാബ തന്നെയാണ് സ്ഥാപിക്കുന്നത്. ബാബ പഴയലോകത്തുനിന്നും മുക്തമാക്കുന്നു എന്തുകൊണ്ടെന്നാൽ ദുഃഖം

വളരെയധികമാണ്. നിലവിളിച്ച് കേഴുകയാണ്. അച്ഛനിൽനിന്നും സ്വർഗ്ഗത്തിന്റെ സമ്പത്ത് എടുക്കണമെങ്കിൽ ഇപ്പോൾ എടുക്കൂ. സാധാരണ വ്യക്തികൾക്ക് ഒരു സമ്പത്തും നൽകാൻ കഴിയില്ല. കുട്ടികളെ സർവ്വ പ്രാപ്തികളും ചെയ്യിപ്പിക്കുന്നവൻ തന്നെയാണ് അച്ഛൻ. പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നത്. ഇങ്ങനെ-ഇങ്ങനെയുള്ള പ്രലോഭനങ്ങൾ നൽകിക്കൊണ്ടിരിക്കണം. വേട്ടക്ക് പോകുന്നവർ മറ്റാരെയെങ്കിലും വേട്ടയാടാൻ പരിശീലിപ്പിക്കുകയാണെങ്കിൽ സർവ്വ തയ്യാറെടുപ്പുകളോടും കൂടി വേട്ടയെ അഭിമുഖീകരിക്കുകയും കേവലം ആ വ്യക്തിയെക്കൊണ്ട് മാത്രം വേട്ട ചെയ്യിക്കുകയും ചെയ്യും. ഇവിടെ വേട്ട ചെയ്യിക്കേണ്ടത് മാതാക്കളെ കൊണ്ടാണ്. ബാബ പറയുകയാണ് വേട്ടക്കാർ മാതാക്കളെ മുന്നിൽ കൊണ്ടുവരണം. മാതാക്കൾ ഒരുപാടുപേർ ഉണ്ട്. ഒരാളുടെ പേരാണ് പ്രശസ്ഥമാകുന്നത്. നിങ്ങൾ ശക്തിസേനയാണ്. ശക്തി കുലം എന്നു പറയില്ല. ശക്തിസേനയിൽ പ്രമുഖർ ജഗദംബയും, കാളിയും, സരസ്വതിയുമാണ്. എന്നാൽ ചണ്ഡിക മുതലായ തലതിരിഞ്ഞ ഒരുപാട് പേരുകളും വച്ചിട്ടുണ്ട്. അപ്പോൾ നിങ്ങൾ കുട്ടികൾ അങ്ങനെയുള്ള കാര്യങ്ങൾ വ്യക്തമാക്കിക്കൊടുക്കണം എന്തെന്നാൽ ഉയർന്നതിലും ഉയർന്നത് ഭഗവാനാണ് ശേഷം ബ്രഹ്മാവും വിഷ്ണുവും ശങ്കരനും. പ്രജാപിതാവായ ബ്രഹ്മാവിന്റെ പുത്രിയാണ് സരസ്വതി. അവരെ ജ്ഞാനദേവത എന്ന് പറയുന്നു. അപ്പോൾ തീർച്ചയായും അവരുടെ കുട്ടികളേയും ജ്ഞാനത്തിന്റെ ദേവത എന്ന് വിളിക്കപ്പെടും. അന്തിമത്തിൽ വിജയം നിങ്ങളുടേതായിരിക്കും. ചിലർ ഗീതയെക്കാൾ കൂടുതൽ വേദങ്ങളെ മാനിക്കുന്നു. എന്നാലും ഗീതയാണ് കൂടുതൽ പ്രചരിച്ചിരിക്കുന്നത്. ബാബ പറയുന്നു ആത്മാവാകുന്ന ഞാൻ ഇപ്പോൾ സംഗമയുഗത്തിലാണ്. കൃഷ്ണന്റെ ചിത്രം സത്യുഗത്തിലേതാണ്. പിന്നീട് 84 ജന്മങ്ങൾ രൂപം മാറിയെടുത്തുകൊണ്ടിരിക്കുന്നു. എപ്പോഴാണോ പരമപിതാവായ പരമാത്മാവ് വന്ന് ആത്മാക്കൾക്ക് ജ്ഞാനം നൽകുന്നത് അപ്പോഴാണ് ജ്ഞാനപൂർണ്ണനായ ആത്മാവാകാൻ കഴിയുന്നത്. പരംപിതാ പരമാത്മാവ് ജ്ഞാനത്തിന്റെ സാഗരമാണ്. അദ്ദേഹത്തിലൂടെ നിങ്ങൾ ജ്ഞാനപൂർണ്ണ ആത്മാക്കളാകുന്നു. ബാക്കിയെല്ലാവരും ഭക്തിയുക്ത ആത്മാക്കളാണ്. ബാബ പറയുന്നു ജ്ഞാനപൂർണ്ണ ആത്മാക്കളാണ് എനിക്ക് പ്രിയപ്പെട്ടവർ. മുഴുവൻ മഹിമയും ഗീതയുടേതാണ്. ധ്യാനിയെക്കാളും ശ്രേഷ്ഠൻ ജ്ഞാനിയാണ്. ധ്യാനം(സാക്ഷാത്കാരം) എന്നു പറയുന്നത് ട്രാൻസ് നെയാണ്. ഇത് ബാബയോട് യോഗം വെക്കുന്നതാണ്. ധ്യാനത്തിൽ പോകുന്നതിൽ പ്രയോജനമൊന്നുമില്ല.
ബാബ പറയുന്നു ഞാൻ രാജയോഗം പഠിപ്പിച്ചിരുന്നു. കൃഷ്ണന് ഈ പ്രാലബ്ധം ഞാൻ തന്നെയാണ് നൽകിയിരുന്നത്. തീർച്ചയായും മുൻ ജന്മത്തിൽ പുരുഷാർത്ഥം ചെയ്തിരിക്കും. മുഴുവൻ സൂര്യവംശ രാജ്യവും എന്നിൽകൂടി തന്നെയാണ് പ്രാലബ്ധം നേടിയത്. ദിൽവാഡാ ക്ഷേത്രത്തിന്റെ ദൃഷ്ടാന്തവും അങ്ങനെ എഴുതണം അത് വായിക്കുന്നതിൽകൂടി മനുഷ്യർക്ക് പെട്ടെന്ന് അമ്പ് തറക്കണം. ഫോം പൂരിപ്പിച്ച് വാങ്ങണം എന്തെന്നാൽ പരിധിയില്ലാത്ത അച്ഛൻ ജ്ഞാനത്തിന്റെ സാഗരമാണ്, വളരെ മധുരമുള്ളവനാണ്, നമ്മെ രാജയോഗം പഠിപ്പിക്കുന്നു. ആ സത്ഗുരുവിനെ കൂടാതെ ഘോരമായ അന്ധകാരമാണ്. അങ്ങനെയുള്ള അച്ഛന്റെ മഹിമ ചെയ്യുന്നതിലൂടെ ബുദ്ധിയിൽ സ്നേഹം ഉണ്ടാകും. ബാബ സന്മുഖം വന്ന് ജന്മം നൽകുന്നു അപ്പോഴല്ലേ സ്നേഹം ഉണ്ടാകുന്നത്. നിങ്ങൾക്ക് ജന്മം തന്നിരിക്കുന്നു അതിനാൽ സ്നേഹം ഉണ്ടാകുന്നു. ബാബ എന്ന് വിളിക്കുന്നതിലൂടെ തന്നെ സ്വർഗ്ഗം ഓർമ്മ വരുന്നു. ബാബ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. നാം ബാബയിൽനിന്ന് സമ്പത്ത് എടുത്തുകൊണ്ടിരിക്കുകയാണ്. വിശ്വസിച്ചാലും ഇല്ലെങ്കിലും. പരിധിയില്ലാത്ത അച്ഛൻ എല്ലാവരുടേയും അച്ഛനാണല്ലോ, അദ്ദേഹത്തിൽ നിന്ന് തീർച്ചയായും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കും. കൃഷ്ണനിൽ നിന്ന് സമ്പത്ത് ലഭിക്കില്ല. ബാബ തന്നെയാണ് പുതിയ ലോകത്തിന്റെ രചയിതാവ്. അപ്പോൾ തീർച്ചയായും പുതിയ ലോകത്തിന്റെ സമ്പത്ത് നൽകും. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1) ബാബക്ക് പ്രിയപ്പെട്ടവരാകാൻ ബുദ്ധിയിൽ ജ്ഞാനത്തെ ധാരണ ചെയ്ത് ജ്ഞാനി തൂ ആത്മാവായി മാറണം. ബാബയോട് യോഗം വെക്കണം. സാക്ഷാത്കാരത്തിന്റെ ആശ വെക്കരുത്.

2) മാതാക്കളെ മുന്നിൽ വെച്ച് അവരുടെ പേര് ഉയർത്തണം. അധികാരത്തോടെ ഗീതയുടെ ഭഗവാനെ സിദ്ധമാക്കണം. 20 നഖങ്ങളുടെ ശക്തിയോടെ സേവനത്തെ വർദ്ധിപ്പിക്കണം.

## വരദാനം – ശ്രേഷ്ഠജീവിതത്തിന്റെ സ്മൃതിയിലൂടെ വിശാല സ്റ്റേജിൽ വിശേഷ പാർട്ടഭി നയിക്കുന്ന ഹീറോ പാർട്ട്ധാരിയായി ഭവിക്കട്ടെ

ബ്രഹ്മാബാബ താങ്കൾ കുട്ടികൾക്ക് ദിവ്യജന്മം നൽകുകയാണ്– പവിത്രമായി ഭവിക്കട്ട, യോഗിയായി ഭവിക്കട്ടെ എന്ന വരദാനം നൽകി. ജന്മനാ വലിയമ്മയുടെ രൂപത്തിൽ പവിത്രതയുടെ സ്നേഹത്തോടെ പാലിച്ചു. സദാ സന്തോഷത്തിന്റെ ഊഞ്ഞാലിലാട്ടി, സർഗുണമൂർത്തി, ജ്ഞാനമൂർത്തി, സുഖശാന്തിസ്വരൂപമാകുന്നതിനുള്ള താരാട്ടേകി, ഇങ്ങനെയുള്ള മാതാപിതാവിന്റെ ശ്രേഷ്ഠമക്കളായ ബ്രഹ്മാകുമാരൻകുമാരിമാരാണ്, ഈ ജീവിതത്തിന്റെ മഹത്വത്തെ സ്മൃതിയിൽ വെച്ച് വിശ്വത്തിന്റെ വിശാല സ്റ്റേജിൽ വിശേഷ പാർട്ട്, ഹീറോ പാർട്ട് അഭിനയിക്കൂ

## സ്ലോഗൻ –ബിന്ദു എന്ന വാക്കിന്റെ മഹത്വത്തെ അറിഞ്ഞ് ബിന്ദുവായി, ബിന്ദുവായ അച്ഛനെ ഓർമിക്കുക തന്നെയാണ് യോഗിയാകുക

### മാതേശ്വരിയുടെ അമൂല്യ മഹാവാക്യങ്ങൾ 15–01–57

**1) നമ്മുടെ യഥാർത്ഥ ലക്ഷ്യം എന്താണ്?**

ആദ്യമാദ്യം നമ്മുടെ ശരിയായ ലക്ഷ്യം എന്തെന്നറിയുക എന്നത് ആവശ്യമല്ലേ. അതും നല്ലരീതിയിൽ ബുദ്ധിയിൽ ധാരണ ചെയ്യണം അപ്പോഴേ പൂർണ്ണമായും ആ ലക്ഷ്യത്തിൽ ഇരിക്കാൻ കഴിയുകയുള്ളൂ. നമ്മുടെ ശരിയായ ലക്ഷ്യം – ഞാൻ ആത്മാവ് ആ പരമാത്മാവിന്റെ സന്താനമാണ്. യഥാർത്ഥത്തിൽ ഞാൻ കർമ്മാതീതമാണ് പിന്നീട് സ്വയം തന്നെ മറന്നതിലൂടെ കർമ്മബന്ധനത്തിൽ വന്നു, ഇപ്പോൾ വീണ്ടും അത് ഓർമ്മ വന്നതിലൂടെ, ഈ ഈശ്വരീയ യോഗത്തിൽ കഴിയുന്നതിൽകൂടി സ്വയം ചെയ്തുകൂട്ടിയ വികർമ്മങ്ങൾ വിനാശമാക്കിക്കൊണ്ടിരിക്കുന്നു. അപ്പോൾ ആത്മാവായ ഞാൻ പരമാത്മാവിന്റെ സന്താനം എന്നതാണ് നമ്മുടെ ലക്ഷ്യം. അല്ലാതെ ആരും സ്വയം ഞാൻ തന്നെ ദേവത എന്ന് കരുതുകയും ആ ലക്ഷ്യത്തിൽ സ്ഥിതിചെയ്യുകയും ചെയ്താൽ പരമാത്മാവിന്റെ ശക്തി ലഭിക്കില്ല. നിങ്ങളുടെ വികർമ്മങ്ങൾ പിന്നെ വിനാശമാകുകയുമില്ല. ഇത് ഇപ്പോൾ നമുക്ക് പൂർണ്ണമായ ജ്ഞാനമുണ്ട്, ഞാൻ ആത്മാവ് പരമാത്മാവിന്റെ സന്താനമാണ് കർമ്മാതീതമായി ഭാവിയിൽ മുക്തജീവിതവും ദേവീ–ദേവതാ പദവിയും നേടുന്നത്. ഈ ലക്ഷ്യത്തിൽ ഇരിക്കുന്നതിലൂടെ ആ ശക്തി ലഭിക്കുന്നു. ഇപ്പോൾ ഈ മനുഷ്യർ ആഗ്രഹിക്കുന്നു നമുക്ക് സുഖവും ശാന്തിയും പവിത്രതയും വേണം, അത് പൂർണ്ണമായ യോഗം ഉണ്ടാകുന്നത് എപ്പോഴാണോ അപ്പോൾ മാത്രമാണ് പ്രാപ്തമാകുന്നത്. ബാക്കി ദേവതാ പദവി എന്നത് നമ്മുടെ ഭാവിയിലെ പ്രാലബ്ധമാണ്, തന്റെ പുരുഷാർത്ഥം വ്യത്യസ്തമാണ് നമ്മുടെ പ്രാലബ്ധവും വ്യത്യസ്തമാണ്. അതുകൊണ്ട് ഈ ലക്ഷ്യവും വ്യത്യസ്തമാണ്, ഞാൻ പവിത്ര ആത്മാവ് ഒടുവിൽ പരമാത്മാവായിത്തീരുന്നു എന്ന് സ്വന്തമായി ലക്ഷ്യം വെച്ചുകളയരുത്. അരുത്. എന്നാൽ നമുക്ക് പരമാത്മാവുമായി യോഗം വച്ചുകൊണ്ട് പവിത്ര ആത്മാവാകണം, ബാക്കി ആത്മാവിനെ പരമാത്മാവൊന്നും ആക്കേണ്ടതില്ല.

**2) ഈ അവിനാശീ ജ്ഞാനത്തിന് അനേക നാമങ്ങൾ നൽകപ്പെട്ടിരിക്കുന്നു.**

ഈ അവിനാശീ ഈശ്വരീയ ജ്ഞാനത്തിന് അനേക നാമങ്ങൾ നൽകപ്പെട്ടിരിക്കുന്നു. ചിലർ ഈ ജ്ഞാനത്തെ അമൃതം എന്നും, ചിലർ ജ്ഞാനത്തെ അഞ്ജനമെന്നും പറയുന്നു. ഗുരു നാനാക് പറഞ്ഞു ഗുരു ജ്ഞാനാഞ്ജനം നൽകി എന്ന്, മറ്റൊരാൾ ജ്ഞാനവർഷമെന്നും പറഞ്ഞു എന്തുകൊണ്ടെന്നാൽ ഈ ജ്ഞാനത്തിൽ കൂടിത്തന്നെയാണ് മുഴുവൻ സൃഷ്ടിയും പരിപൂർണ്ണമാകുന്നത്. തമോപ്രധാനമായ മനുഷ്യരെല്ലാം സതോഗുണമുള്ളവരായ മനുഷ്യരാകുന്നു കൂടാതെ ജ്ഞാനാഞ്ജനത്തിലൂടെ അന്ധകാരം നശിക്കുന്നു. ഈ ജ്ഞാനത്തിനെ തന്നെ അമൃതമെന്നും പറയുന്നു അതിൽകൂടി അഞ്ച് വികാരങ്ങളുടെ അഗ്നിയിൽ എരിഞ്ഞുകൊണ്ടിരിക്കുന്നവർ തണുക്കുന്നു. നോക്കൂ ഗീതയിൽ പരമാത്മാവ് വ്യക്തമായി പറയുന്നു കാമത്തിൽകൂടി ക്രോധമുണ്ടാകുന്നു അതിൽ തന്നെ പ്രഥമപ്രാധാന്യം കാമത്തിനാണ്, അതുതന്നെയാണ് അഞ്ച് വികാരങ്ങളുടേയും മുഖ്യ ബീജം. ബീജമിടുന്നതിലൂടെ പിന്നെ ക്രോധം ലോഭം മോഹം അഹങ്കാരം തുടങ്ങിയ വൃക്ഷങ്ങൾ മുളക്കുന്നു, അതിലൂടെ മനുഷ്യരുടെ ബുദ്ധി ഭ്രഷ്ടമാകുന്നു. ഇപ്പോൾ ആ ബുദ്ധിയിൽ തന്നെയാണ് ജ്ഞാനത്തിന്റെ ധാരണ ഉണ്ടാകുന്നത്, എപ്പോൾ ജ്ഞാനത്തിന്റെ ധാരണ പൂർണ്ണമായും ബുദ്ധിയിൽ ഉണ്ടാകുന്നുവോ അപ്പോൾ തന്നെയാണ് വികാരങ്ങളുടെ ബീജം

നശിക്കുന്നത്. മറ്റ് സന്യാസിമാർ കരുതുന്നത് വികാരങ്ങളെ മെരുക്കുന്നത് വളരെ കഠിനമായ കാര്യമാണ് എന്നാണ്. ഈ ജ്ഞാനം ഇപ്പോൾ സന്യാസിമാരിലൊന്നും തന്നെയില്ല. അപ്പോൾ അങ്ങനെയുള്ള ശിക്ഷണം നൽകുന്നത് എങ്ങനെയാണ്? കേവലം ഇങ്ങനെയേ പറയുകയുള്ളൂ മര്യാദകൾ പാലിക്കണം. എന്നാൽ യഥാർഥ മര്യാദ ഏതായിരുന്നു? ആ മര്യാദ ഇന്നത്തെക്കാലത്ത് അറ്റുപോയിരിക്കുന്നു, എവിടെപ്പോയി ആ സത്യുഗത്തിലേയും ത്രേതായുഗത്തിലേയും ദേവീ-ദേവന്മാരുടെ മര്യാദ? അവർ ഗൃഹസ്ഥത്തി ലിരുന്നുകൊണ്ടും എത്ര പവിത്രമായ് കഴിഞ്ഞിരുന്നവരാണ്. ഇപ്പോൾ ആ സത്യമായ മര്യാദ എവിടെയാണ്? ഇന്നത്തെക്കാലത്ത് തലതിരിഞ്ഞ വികാരീ മര്യാദകളാണ് പാലിക്കപ്പെടുന്നത്, മര്യാദകളിലൂടെ പോകണം എന്ന് പരസ്പരം അങ്ങനെ പറഞ്ഞുപഠിപ്പിക്കുകയാണ്. മനുഷ്യന്റെ പ്രഥമ കർത്തവ്യം എന്താണ്, അതാരും അറിയുന്നില്ല, കേവലം ഇതുമാത്രം പ്രചരിപ്പിക്കുന്നു മര്യാദകളിൽ കഴിയണം, എന്നാൽ ഇത്രപോലും അറിയുന്നില്ല എന്തെന്നാൽ മനുഷ്യന്റെ പ്രഥമ മര്യാദ ഏതാണ്? എന്ന്. **മനുഷ്യന്റെ പ്രഥമ മര്യാദ നിർവികാരിയാകുക എന്നതാണ്**. അഥവാ ആരോടെങ്കിലും നിങ്ങൾ ഈ മര്യാദയിൽ കഴിയുന്നുണ്ടോ? എന്ന് ചോദിക്കുകയാണെങ്കിൽ പറയും ഇന്നത്തെക്കാലത്ത് ഈ കലിയുഗ സൃഷ്ടിയിൽ നിരാകാരിയാകുന്നതിനുള്ള ധൈര്യമൊന്നും ഇല്ല. ഇപ്പോൾ വായിലൂടെ പറയുന്നതിന്റെ മര്യാദ പാലിക്കൂ, നിർവികാരിയാകൂ ഇതിൽകൂടി ആർക്കും നിർവികാരിയാകാൻ കഴിയില്ല. നിർവികാരി ആകുന്നതിനുവേണ്ടി ആദ്യം ഈ ജ്ഞാനമാകുന്ന വാളാൽ ഈ അഞ്ച് വികാരങ്ങളുടെയും ബീജങ്ങളെ നശിപ്പിക്കൂ അപ്പോഴേ വികർമ്മം ഭസ്മമാക്കാൻ കഴിയുകയുള്ളൂ. ശരി. ഓം ശാന്തി.